കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്ത്

# 2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(ബി.പി.)2110/2017

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
തീയതി.30.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) എ. ഡി. സി ജനറൽ ഗ്രാമവികസന വകുപ്പ്, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം/(ബി.പി.)2110/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030,
ഫോൺ:0484-2422271,
email:doekm.ksad@kerala.gov.in
തിയ്യതി:30.11.2017

## എറണാകുളം ജില്ലയിലെ പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 14.02.2017 മുതൽ 27.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും 3എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
| 03.11.2017 മുതൽ 08.11.2017 വരെ | ശ്രീമതി. റസിയ ബീവി.ജെ. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജലജ.എം.കെ.അസ്സി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. വിജു എം.സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| 1 | പ്രസിഡന്റ് | അഡ്വ.ജിൻസൺ.വി.പോൾ | 01.04.2016മുതൽ 31.03.2017 വരെ |
| 2 | വൈസ് പ്രസിഡന്റ് | ശ്രീമതി.ജയ ബിജുമോൻ | 01.04.2016മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.സി.എ.മുരളീധരൻ | 01.04.2016മുതൽ 16.06.2016വരെ |
| 2 | സെക്രട്ടറി | ശ്രീ. മീരാൻ കുഞ്ഞ് | 17.06.2016മുതൽ 01.08.2016 വരെ |
| 3 | സെക്രട്ടറി | ശ്രീ. വി.ആർ.ഷാജി | 02.08.2016മുതൽ 31.01.2017 വരെ |

| | | | |
|---|---|---|---|
| 4 | സെക്രട്ടറി | ശ്രീ.പി.ആർ. ഷിനോദ് | 01.02.2017മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി ) | എലിസബത്ത് പൊന്നൂസ് | 01.04.2016മുതൽ 25.08.2017 വരെ |
| | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി ) | ജിജി എലിസബത്ത് ക്ലാര ഫ്രാൻസീസ് | 26.08.2016മുതൽ 31.03.2017 വരെ |
| 2 | ശിശു വികസന പ്രൊജക്ട് ഓഫീസർ | ശ്രീമതി. ഉമ.കെ.കെ | 01.04.2016മുതൽ 31.03.2017 വരെ |
| 3 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശശി.ടി.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| 4 | പട്ടികജാതി വികസന ഓഫീസർ | ശ്രീമതി .ലിജി ആന്റെണി | 01.04.2016മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.രാമമംഗലം) | ഡോ.കമൽജിത്ത്.ജെ | 01.04.2016മുതൽ 31.10.2016 വരെ |
| | മെഡിക്കൽഓഫീസർ (സി.എച്ച്.സി.രാമമംഗലം) | ഡോ.ദീപ.കെ.യു | 01.11.2016മുതൽ 15.12.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.രാമമംഗലം) | ഡോ.കമൽജിത്ത്.ജെ | 16.12.2016മുതൽ 29.01.2017 വരെ |
| | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.രാമമംഗലം) | ഡോ.ദീപ.കെ.യു | 30.01.2017മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.പാമ്പാക്കട) | ഡോ.ജീന.എസ്. | 01.04.2016മുതൽ 20.03.2017 വരെ |
| 8 | മെഡിക്കൽ ഓഫീസർ (സിഎച്ച്.സി.പാമ്പാക്കുട) | ഡോ.സ്വാബി.കെ.എസ് | 21.03.2017മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അശോക് കുമാർ.ബി. | 01.04.2016മുതൽ 28..09.2017വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജൂഡ് ജോസഫ്.സി.ഡി | 29.09.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| | ഭാഗം -2 | |

| | | |
|---|---|---|
| 12 | പിഴപ്പലിശ ഈടാക്കിയില്ല. | 2-1 |
| | ഭാഗം -3 | |
| 13 | സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-1 |
| 14 | ആദായ നികുതി ഈടാക്കിയിട്ടില്ല | 3-2 |
| 15 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം ഇവ ലഭ്യമായിട്ടില്ല. | 3-3 |
| 16 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു സ്കൂട്ടർ വാങ്ങിയത് – രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 17 | എസ്. സി. വിദ്യാർത്ഥികൾക്കു പ്രൊഫഷണൽ കോഴ്സിനു ധനസഹായം - ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരെ ഒഴിവാക്കിയത് സംബന്ധിച്ച് | 3-5 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-3 |
| 21 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 28 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 29 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 30 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016തീയതിലെ 1ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 28,86,06,000 | 28,68,79,013 |
| വാർഷിക കണക്ക് പ്രകാരം<br>(വരവു ചെലവു പത്രിക പ്രകാരം) | 5,34,83,408 | 6,38,14,530 |

ഇ.എഫ്.എം.എസ് മുഖേന MGNREGS എന്ന ഇനത്തിൽ നടന്നിട്ടുള്ള 46,265/- രൂപയുടെ വരവുചെലവുകൾ വരവു

ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,30,88,956 |
| വരവ് | 5,34,83,408 |
| ആകെ | 9,65,72,364 |
| ചെലവ് | 6,38,14,530 |
| നീക്കിയിരിപ്പ് | 3,27,57,834 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 2,22,92,194 | 1,36,10,695 | 61.05 |
| വികസനഫണ്ട് - എസ്.സി.പി. | 76,01,251 | 56,62,404 | 74.49 |
| വികസനഫണ്ട് - ടി.എസ്.പി. | 1,45,674 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | ഫണ്ട് ലഭ്യമായിട്ടില്ല | | |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 33,42,581 | 20,95,956 | 62.70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഫണ്ട് ലഭ്യമായിട്ടില്ല | | |
| പെർഫോമൻസ് ഗ്രാന്റ് | ഫണ്ട് ലഭ്യമായിട്ടില്ല | | |
| ബി. ഫണ്ട് | ഫണ്ട് ലഭ്യമായിട്ടില്ല | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 46,265 | 46,265 | |

വികസന ഫണ്ട് (ടി.എസ്.പി ) ഇനത്തിൽ ലഭിച്ച് ഫണ്ട് ചെലവഴിക്കാത്തത് ശ്രദ്ധിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിക്ക് 9,05,95,000/- രൂപ പ്രതീക്ഷിച്ചതായി കാണുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾ നിലവിൽ ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക കണക്കുകളിലാണ് ഉൾപ്പെടുത്തി വരുന്നത്. ലേബർ ബുക്ക് തയ്യാറാക്കുന്നതടക്കമുള്ള എല്ലാ പ്രവർത്തികളും നിർവ്വഹിക്കുന്നത് ഗ്രാമപഞ്ചായത്താണ്. ഇത് പഞ്ചായത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തുന്നുമുണ്ട്. ആയതിനാൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ട്രെയിനിങ്ങ് നല്കിയ ഇനത്തിൽ ഉള്ള 46,265/- രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 74 | 9,04,86,623 | 44 | 2,17,84,119 | 25 | 5 | 24.01% |

മേൽ സൂചിതപ്രകാരം പദ്ധതി അടങ്കലിന്റെ 24.01% മാത്രമേ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളൂ. പദ്ധതികൾ കാര്യപ്രാപ്തിയോടെ നടപ്പിലാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വീഴ്ച്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ കാര്യക്ഷമതയോടെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

സ്ഥാപനത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ തനതു വരുമാനത്തിന്റെ വിശദാംശങ്ങൾ പറയും പ്രകാരം ചേർക്കുന്നു

| | |
|---|---|
| നികുതിയേതര വരവുകൾ | 83,349 |
| പലിശ വരവുകൾ | 52,672 |
| മറ്റ് വരവുകൾ | 6,493 |
| ആകെ | 1,42,514 |

# 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം വരവായി ഒന്നും ലഭിച്ചില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം.

1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

ഇൻകുബെൻസി രജിസ്റ്റർ.ഓഡിറ്റ് കാലയളവിലെ ഇൻകുബെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.ജീവനക്കാരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഒന്നുംതന്നെ സൂക്ഷിക്കുന്നില്ല.കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ആഭ്യന്തര നിയന്ത്രണത്തിൽ പരാമർശിച്ചിരുന്നെങ്കിലും ഈ വർഷവും രജിസ്റ്റർ പൂർത്തികരിക്കുന്നതിൽ കൃത്യവിലോപം വന്നിട്ടുണ്ട്. ആയത് എത്രയും വേഗം എഴുതി സൂക്ഷിക്കേണ്ടതാണ്.

2) അഡ്വാൻസ് രജിസ്റ്റർ- സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ അടിയന്തരമായി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2017മുതൽ 30.06.2017വരെ | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2014 | 2008-09 മുതൽ 2012-13വരെ | 29.03.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പിഴപ്പലിശ ഈടാക്കുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 16 കടകൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആയതിന്റെ ഡി.സി.ബി പത്രിക പ്രകാരം വാർഷിക വരവ് 185400/-രൂപയാണ്.എന്നാൽ തനത് വർഷത്തിൽ വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് 145560/- രൂപയാണ്. 39840/- രൂപ തനത് വർഷത്തിൽ കുടിശ്ശികയായി ലഭിക്കുവാനുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ കടകൾ വാടകയ്ക്കെടുത്തവരിൽ നിന്നും കുടിശ്ശികയിനത്തിൽ തനത് വർഷം 41655/-രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക അടവാക്കിയിട്ടുള്ളവരിൽ നിന്നും പിഴപ്പലിശ ഈടാക്കി കാണുന്നില്ല. വാടകക്കാരിൽ നിന്നും തനത് വർഷം തന്നെ വാടക കൃത്യമായി ഈടാക്കുന്നുമില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് പിഴപ്പലിശയും വാടകയും സമയബന്ധിതമായി തന്നെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.ആയതിനാൽ മുടക്കം കൂടാതെ വാടകയും പിഴപ്പലിശയും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായിട്ടില്ല

2016-17 വർഷത്തിൽ 37 പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിന്റെ ടെണ്ടർ ഫീ 161805 രൂപ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 47/17.സി.എച്ച്.സിരാമ മംഗലത്തിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 125000/- മെയിന്റനൻസ് ഫണ്ട് |
| ബില്ല് നം, തീയതി | 16/2016-17 തീയതി 22.03.17 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, സി.എച്ച്.സി, രാമമംഗലം |

സർക്കാർ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബ്ലിൽ ചെയ്യാത്തവ ഓഡർതുകയുടെ പകുതി വില വരുന്നത് മാത്രമേ വാങ്ങാൻ പാടുള്ളൂ.ഓഡർ തുകയുടെ 50% ത്തിൽ കൂടുതൽ മൂല്യമുള്ള ഉപകരണങ്ങൾ മറ്റ് ബ്രാന്റുകളാണെങ്കിൽ കൊട്ടേഷൻ /ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 02.02.2006 ലെ 01/2006 സർക്കാർ ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെയാണ് മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, രാമമംഗലം 57000/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് മൾട്ടി ഫങ്ഷൻ പ്രിന്റർ (എച്ച്.പി.എം1136 ,പ്രിന്റർ /സ്കാൻ /കോപ്പി) (12000/- രൂപ ) ഫോട്ടോ സ്റ്റാറ്റ് മെഷീൻ- തോഷിബ-ഇ-സ്റ്റുഡിയോ 2303എ (എ 3-23-പി.പി.എം) ഡിജിറ്റൽ കോപ്പിയർ പ്രിന്റ്ൻ കളർ സ്കാനർ (42500/- രൂപ) വാങ്ങിയിട്ടുള്ളത്. കൂടാതെ ഫോട്ടോ സ്റ്റാറ്റ് മെഷിൻ പ്രിന്റിംങ്, സ്കാൻ, കളർ സ്കാൻ എന്നീ മൾട്ടി പർപ്പസ് ഉപയോഗമുള്ളതായിരിക്കെ 12000/- രൂപ ചെലവഴിച്ച് മൾട്ടി ഫങ്ഷൻ പ്രിന്റർ (എച്ച്.പി.എം1136 ,പ്രിന്റർ /സ്കാൻ /കോപ്പി) വാങ്ങിയതെന്തിനാണ് എന്ന് വ്യക്തമല്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നല്കിയതിന് അറിവില്ലായ്മ മൂലമാണ് കൊട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയതെന്നും അടുത്ത വാങ്ങലുകളിൽ അപാകം വരാതെ ശ്രദ്ധിച്ചോളാമെന്നമാണ് മറുപടി ലഭ്യമാക്കിയത്. ധാരാളം സ്റ്റാഫ് ജോലി ചെയ്യുന്ന ആശുപത്രിയായതിനാലും ധാരാളം പദ്ധതികൾ , സ്പാർക്ക് ബില്ലുകൾ തുടങ്ങിയ എസ്റ്റാബ്ലിഷ് മെന്റ് വർക്കുകൾ ഉള്ളതിനാലാണ് രണ്ട് പ്രിന്ററുകൾ വാങ്ങിയതെന്ന് മറുപടി നല്കിയത്. ഭാവിയിൽ ഇത്തര വാങ്ങലുകൾക്ക് സർക്കാർ ഉത്തരവ് പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 3-2 ആദായ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 44/17.സി.എച്ച്.സി രാമ മംഗലം പാലിയേറ്റിവ് കെയർ |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട്) |
| ബില്ല് നം, തീയതി | 1. 11/2016-17 തീയതി 14.02.17- 233435/-<br>2.14/2016-17 തീയതി 17.03.17- 166565/- |
| നിർവ്വഹണോ ദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ,<br>സി.എച്ച്.സി, രാമമംഗലം |

2016-17 വർഷത്തിൽ സി.എച്ച്.സി (രാമമംഗലം)യിൽ മേൽ പ്രോജക്റ്റ് പ്രകാരം പാലിയേറ്റിവ് കെയറിലേക്ക് ദിവസ വാടകക്ക് വാഹനം എടുത്തയിനത്തിൽ (വാഹന നം. KL -17D 9090)ആകെ 1,59,900/-രൂപ ശ്രീ ജേക്കബ്. കെ.ജെ. എന്ന വ്യക്തിക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു വ്യക്തിക്ക് 1ലക്ഷം രൂപ തദ്ദേശസ്ഥാപനങ്ങൾ നല്കിയാൽ പ്രസ്തുത വ്യക്തിയിൽ നിന്നും ആദായനികുതിയിനത്തിൽ ആദായനികുതി വകുപ്പിന്റെ 194(c)നിയമപ്രകാരം 1% ആദായ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ശ്രീ ജേക്കബിൽ നിന്നും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 1,599/- രൂപ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/6.11.17) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഡ്രൈവറിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി. തുക 1,599/- രൂപ ബന്ധപ്പെട്ട ഡ്രൈവറിൽ നിന്നോ, മെഡിക്കൽ ഓഫീസറിൽ നിന്നോ ഈടാക്കി കേന്ദ്രനികുതി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇവ ലഭ്യമായിട്ടില്ല. ചെലവ് തുക 12,99,550/- രൂപ തടസ്സപ്പെട്ടുത്തുന്നു

1.

| | |
|---|---|
| പ്രോജക്ട് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0061/17 |
| നിർവ്വഹണം | സി.ഡി.പി.ഒ. |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/- ബിൽ നം.1/16-17 തി.28.01.17 |

മേൽ പറഞ്ഞ പദ്ധതി നടത്തിപ്പിന് ഈ ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകളിലേക്ക് തുക നൽകിയിട്ടുണ്ട്. അതിൽ താഴെ പറയുന്ന പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയില്ല.
1. പാലക്കുഴ ഗ്രാമ പഞ്ചായത്ത് – 60,000/-
2. തിരുമാറാടി – 1,12,500/-

ഓഡിറ്റ് എൻക്വയറി (നം.5/7-11-17) കൊടുത്തുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2

| | |
|---|---|
| പ്രോജക്ട് | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സീഡി – ബ്ലോക്ക് വിഹിതം |
| പ്രോജക്ട് നം | S0064/17 |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/- (3,20,000/- ബിൽ നം.1/16-17 തി.15.03.17, 80,000/- ബിൽ നം.2/16-17 തി.22.03.17) |

മേൽ പറഞ്ഞ പദ്ധതി നടത്തിപ്പിന് ഈ ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകളിലേക്ക് തുക നൽകിയിട്ടുണ്ട്. അതിൽ താഴെ പറയുന്ന പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയില്ല.

1. പാലക്കുഴ ഗ്രാമ പഞ്ചായത്ത് – 80,000/-
2. തിരുമാറാടി – 80,000/-
3. ഇലഞ്ഞി -80,000/-
4. രാമമംഗലം – 80,000/-
5. പാമ്പാക്കുട – 80,000/-

ഓഡിറ്റ് എൻക്വയറി (നം.6/8-11-17) കൊടുത്തുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | കുറ്റത്തിനാൽ പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള വിതരണ പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ |
| പ്രോജക്ട് നം | S0088/17 |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 7,27,050/- |
| ചെലവ് | 7,27,050/- (ബിൽ നം.11/16-17 തി.27.02.17 |

ടി തുക അസിസ്റ്റന്റ് എഞ്ചിനിയർ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ ഖണ്ഡികകളിലെ ആകെ തുക (1,72,500/-+4,00,00/-+7,27,050/-) 12,99,550/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു സ്കൂട്ടർ വാങ്ങിയത് – രേഖകൾ ഹാജരാക്കിയില്ല പദ്ധതികളിലെ അപാകതകൾ

1.

| | |
|---|---|
| പ്രോജക്ട് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ മോട്ടറൈസ്ഡ് സ്കൂട്ടർ |
| പ്രോജക്ട് നം | S0060/17 |
| നിർവ്വഹണം | സി.ഡി.പി.ഒ. |
| അടങ്കൽ | 4,95,000/- |
| ചെലവ് | 4,65,000/- ബിൽ നം.6/16-17 തി.30.03.17 |

മേൽ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുന്നവർ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്തവരാണെങ്കിൽ ഡ്രൈവിംഗ് ലൈസൻസ് എടുത്തുകൊള്ളാം എന്ന സമ്മതപത്രം ഹാജരാക്കാൻ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ (1)ചന്ദ്രശേഖരൻ , പാലക്കുഴ, (2) സാബു, ഇലഞ്ഞി,(3)ജിതിൻ തങ്കച്ചൻ, ഇലഞ്ഞി എന്നിവർ ഡ്രൈവിംഗ് ലൈസൻസോ ,ഡ്രൈവിംഗ് ലൈസൻസ് എടുത്തുകൊള്ളാം എന്ന സമ്മതപത്രമോ ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി(no.7/8-11-2017) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അവശ്യം വേണ്ടതായ രേഖകളില്ലാതെ ആനുകൂല്യം നൽകിയതിന് ഓഡിറ്റിൽ വിശദീകരണം ഹാജരാക്കേണ്ടതാണ്

## 3-5 എസ്. സി. വിദ്യാർത്ഥികൾക്കു പ്രൊഫഷണൽ കോഴ്സിനു ധനസഹായം - ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരെ ഒഴിവാക്കിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | എസ്.സി. വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിന് ധനസഹായം |
| പ്രോജക്ട് നം | S0049/17 |
| നിർവ്വഹണം | എസ്.സി.ഡി.ഒ. |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/-ബിൽ നം.1/16-17 തി. 18.02.2017 |

പാമ്പാക്കട ബ്ളോക്കിൽ വരുന്ന തിരുമാറാടി, പാലക്കുഴ, രാമമംഗലം,പാമ്പാക്കുട എന്നീ പഞ്ചായത്തുകളിലെ 16 വിദ്യാർത്ഥികൾക്ക് 25,000/- രൂപ വീതമാണ് മേൽ പദ്ധതിയുടെ ആനുകൂല്യം നൽകിയിരിക്കുന്നത്. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലുള്ള അപേക്ഷകർക്കാണ് ക്രമപ്രകാരം ആനുകൂല്യം നൽകേണ്ടത്.എന്നാൽ രാമമംഗലം പഞ്ചായത്തിലെ ഹരിത ഹരിഹരൻ, ദിവ്യ ശിവദാസ്, ബിനു വി.എ എന്നിവർ നിലവിലുള്ള ഗ്രാമസഭ ലിസ്റ്റിൽ ഇല്ലാത്തവരാണ്.08.02.2017 -ലെ പഞ്ചായത്തുകമ്മിറ്റിയിലെ 44-ാം നം തീരുമാനത്തിൽ അടുത്ത കമ്മറ്റിയിൽ സാധൂകരണം ലഭ്യമാക്കുന്ന കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

1. നിലവിലെ ലിസ്റ്റിൽ വിദ്യാർത്ഥികൾ ഉണ്ടായിരുന്നിട്ടും അവരെ ഒഴിവാക്കി പുതിയ ലിസ്റ്റ് തയ്യാറാക്കിയതായി കാണുന്നു.

2. ആനുകൂല്യം കൈപ്പറ്റിയ അനന്ദു തങ്കച്ചൻ,മാങ്ങോട്ടിൽ വീട്,പാമ്പാക്കുട എന്നപേര് ഗുണഭോക്തൃലിസ്റ്റിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.8/8.11.17) കൊടുത്തുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിൽ വന്നിട്ടുള്ളത് അച്ഛന്റെ പേര് ആണ് എന്ന് വാക്കാൽ പറഞ്ഞെങ്കിലും രേഖാമൂലം മറുപടിലഭിച്ചിട്ടില്ല.ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 17,20,000/- | പി.എം.എ.വൈ.വിഹിതം 2016-17 ജനറൽ | 17,20,000/- | - |
| ജില്ലാ പഞ്ചായത്ത് | 37,52,000/- | പി.എം.എ.വൈ.വിഹിതം 2016-17 ജനറൽ | 37,52,000/- | - |
| ഗ്രാമ പഞ്ചായത്ത് | 6,50,000/- | പി.എം.എ.വൈ.വിഹിതം 2016-17 എസ്.സി.പി | 6,50,000/- | - |
| ജില്ലാ പഞ്ചായത്ത് | 9,32,748/- | പി.എം.എ.വൈ.വിഹിതം 2016-17 എസ്.സി.പി | 9,32,748/- | - |
| ജില്ലാ പഞ്ചായത്ത് | 85,543/- | പി.എം.എ.വൈ.വിഹിതം 2016-17 ടി.എസ്.പി | 85,543/- | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ് | കുറ്റത്തിനൽ കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്ക് വൈദ്യുതി ബോർഡിലേക്ക് | 570346688347 എന്ന അക്കൗണ്ടിലേക്ക് ടി.ആർ 1524 എന്ന അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് | 7,27,050/- | 7,27,050/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്ക് 2016-17 വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | GO(Rt) No. 1365/10/lsgd തീ.21/4/2010 | 15,03,128/- | 7,51,563/- | 1,50,313/- | 0 | 6,01,252/- |
| ഐ.എ.വൈ ഭവന പദ്ധതി | GO(ms) No. 90/13/lsgd തീ.41/3/2013 | 48,00,000/- | 48,00,000/- | 0 | 0 | 48,00,000/- |
| ആകെ | | | | | | 54,01,252 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

2016-17 വാർഷിക കണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,34,83,408/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,38,14,530/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,99,550/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ആകെ | | | ഇല്ല. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 172500 | ശ്രീമതി ഉമ കെ.കെ. , സി.ഡി.പി.ഒ |
| 3-3(2) | 400000 | ശ്രീ. ശശി ടി. എസ്. , ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-3(3) | 727050 | ശ്രീ.പി.ആർ. ഷിനോദ്, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| ആകെ | 1299550 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1599/-, (ഖണ്ഡിക നം, 3-2)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഇ.(സി)834/2000/<br>22.1.2001 | - |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.0/<br>15.2.01 | - |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/<br>20.4.2005 | - |
| 2002-03 | എൽ.എഫ്.ഇ.(സി) 1429/ 05/<br>23.5.2006 | - |
| 2003-04 | എൽ.എഫ്.ഇ.(സി)1270/06/ 4.12.07/<br>10.8.07 | - |
| 2007-08 | എൽ.എഫ്.ഇ.(സി)1539/ 08/2.4.09/<br>2.11.11 | - |
| 2008-09 | എൽ.എഫ്.ഇ.(സി)464/ 08/ 27.8.09/<br>2.11.11 | - |
| 2009-10 | എൽ.എഫ്.ഇ.(സി) 375/12 /15.5.12/<br>5.6.12 | - |
| 2010-11,<br>2011-12 | എൽ.എഫ്.ഇ.(സി) 284/13/ 15.3.13/<br>10.4.13 | - |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.1) 300/2014 /3.5.14/<br>17.5.14 | - |
| 2013-14 &<br>2014-15 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)577/ 2016/<br>2.4.2016 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)396/ 2016/<br>2.4.2016 | |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2110/2017

തീയതി : 30.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ.

APPENDIX – I

AUDIT CERTIFICATE – 2016-17

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 – 2422271
email:doekm.ksad@kerala.gov.in

No.KSA-EKM(B.P.1)2110/2017

Date:30.11.2017

Certified that I have audited the Annual Financial Statement of Pampakuda block panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Pampakuda block panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR